തിയ്യതി: 08-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അഴിമതി രോഗമാണെന്നും അതിനെ വേരോടെ പിഴുതെറിയണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു.**
- **വയനാട്ടിലും ചേലക്കരയിലും പരസ്യപ്രചാരണം അവസാനലാപ്പിൽ- പാലക്കാട്ടും പ്രചാരണം വൻ ചൂടിൽ**
- **കണ്ണൂർ ADM K. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ കണ്ണൂർ ജില്ലാ മുൻ പഞ്ചായത്ത് പ്രസിഡന്റ് P.P ദിവ്യയ്ക്ക് ജാമ്യം**
- **സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 211 കോടി രൂപ കൂടി ഗവൺമെന്റ് അനുവദിച്ചു.**
- **കൊച്ചിയിൽ സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം മുന്നേറ്റം തുടരുന്നു.**

## വാർത്തകൾ വിശദമായി

അഴിമതി ഒരു രോഗമാണെന്നും അതിനെ വേരോടെ പിഴുതെറിയണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ന്യൂഡൽഹിയിൽ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ വിജിലൻസ് അവബോധ വാരത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. അഴിമതി തടയാൻ കേന്ദ്രഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവർ അറിയിച്ചു.

✪✪✪

മുതിർന്ന BJP നേതാവ് LK അദ്വാനിയുടെ 97-ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. രാജ്യത്തിന്റെ വികസനത്തിന് സ്വയം അർപ്പിച്ച രാജ്യമേറ്റവും കൂടുതൽ ആദരിക്കുന്ന രാഷ്ട്ര തന്ത്രജ്ഞരിൽ ഒരാളാണ് ഭാരതരത്ന LK അദ്വാനിയെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. അദ്വാനിയുടെ മാർഗ നിർദേശം ലഭിച്ചതിൽ ഭാഗ്യമുണ്ടെന്നും ദീർഘായുസ്സിനായി പ്രാർത്ഥിക്കുന്നുവെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

വയനാട്ടിലും ചേലക്കരയിലും പ്രചാരണം അവസാന ലാപിലെത്തി. ഇരു മണ്ഡലങ്ങളിലും ഇനി നാല് ദിവസത്തിൽ താഴെ മാത്രമാണ് പരസ്യ പ്രചാരണത്തിന് ശേഷിക്കുന്നത്. കരുതിവെച്ച തന്ത്രങ്ങളെല്ലാം പുറത്തെടുത്ത് രാഷ്ട്രീയ എതിരാളികൾക്ക് എതിരെ പ്രയോഗിക്കുകയാണ് മുന്നണികളും സ്ഥാനാർത്ഥികളും. പാലക്കാട്ട് കള്ളപ്പണ ആരോപണവും, വനിതകൾ താമസിച്ച മുറിയിലെ പോലീസ് പരിശോധനയും മണ്ഡലത്തിലെ പ്രചാരണത്തെ പുതിയ തലത്തിലേക്ക് മാറ്റി.

വയനാട്ടിൽ മൂന്നാംഘട്ട പ്രചാരണത്തിന് ശേഷം UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്നലെ ഡൽഹിക്കു മടങ്ങി. മറ്റന്നാൾ അവർ വീണ്ടും മണ്ഡലത്തിലെത്തും. LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് കൽപ്പറ്റ മണ്ഡലത്തിലാണ്. വടുവഞ്ചാലിൽ നിന്ന് രാവിലെ ആരംഭിച്ച പര്യടനം വൈകിട്ട് വൈത്തിരിയിൽ സമാപിക്കും. NDA സ്ഥാനാർഥി നവ്യ ഹരിദാസ് കൽപ്പറ്റ മണ്ഡലത്തിലാണ് ഇന്ന് പര്യടനം നടത്തുന്നത്.

✪✪✪

തെരഞ്ഞെടുപ്പ് കോലാഹലങ്ങൾക്കൊപ്പം കൽപ്പാത്തി തേരിനും കൊടിയേറിയതോടെ പാലക്കാട് ഇപ്പോൾ ഉത്സവ നിറവിലാണ്. ഇന്നലെ കൊടിയേറ്റ ചടങ്ങിന് മൂന്ന് മുന്നണി സ്ഥാനാർഥികളും സന്നിഹിതരായിരുന്നു. LDF സ്ഥാനാർഥി ഡോ. P സരിൻ ഇന്ന് യാക്കര, നൂറണി, തിരുനെല്ലായ് ഗ്രാമങ്ങളിലും കണ്ണാടി പഞ്ചായത്തിലും പര്യടനം നടത്തും.

NDA സ്ഥാനാർഥി C കൃഷ്ണകുമാറിന്റെ മണ്ഡലത്തിലെ വിവിധ കുടുംബ യോഗങ്ങളിൽ BDJS സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പങ്കെടുക്കും.

UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണം വൈകീട്ട് കിണാശ്ശേരിയിൽ സമാപിക്കും.

✪✪✪

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് സ്ഥാനാർഥികൾ മൂന്നാം ഘട്ട പര്യടനത്തിലേക്ക് കടന്നു കഴിഞ്ഞു.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....

**.....(വോയ്സ്).....**

തെരഞ്ഞെടുപ്പ് ചൂട് അവസാനഘട്ടത്തിലേക്ക് എത്തുമ്പോൾ വാശിയേറിയ മത്സരത്തിനാണ് ചേലക്കര വേദിയാവുന്നത്.

യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ ഇന്നത്തെ മണ്ഡല പര്യടനം രാവിലെ 7 മണിക്ക് പഴയന്നൂർ പഞ്ചയത്തിലെ വട്ടപ്പാറയിൽ നിന്നും ആരംഭിച്ചു. എറണാകുളം DCC പ്രസിഡന്റ് മുഹമദ് ഷിയാസ്, മണ്ഡലം പ്രസിഡന്റ് ടി. മുകന്ദൻ പഞ്ചയാത്ത് പ്രസിഡന്റ് മുരളി എന്നിവർ പ്രസംഗിച്ചു. മണ്ഡലപര്യടനം വൈകീട്ട് എളനാട് സെന്ററിൽ സമാപിക്കും.

ചേലക്കര നിയമസഭ മണ്ഡലത്തിലെ NDA സ്ഥാനാത്ഥി കെ.ബാലകൃഷ്ണൻ ഇന്ന് നേരിട്ട് ജനങ്ങളെ കണ്ട വോട്ട് തേടുന്നത് ദേശമംഗലം പഞ്ചായത്തിലാണ് .

ഇന്നത്തെ മണ്ഡല പര്യടനത്തിന്റെ സമാപന സമ്മേളനം വൈകിട്ട് കൊണ്ടയൂരിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ഉദ്ഘാടനം നിർവഹിക്കും.

എൽഡിഎഫ് സ്ഥാനാർഥി യു.ആർ പ്രദീപ് ഇന്ന് മണ്ഡലത്തിൽ മൂന്നാം ഘട്ട സ്വീകരണ പരിപാടിയിലേക്ക് നീങ്ങുകയാണ്. ദേശമംഗലം കൊട്ടിപ്പാറയിൽ നിന്ന് നിന്നാരംഭിച്ചു രാത്രി കറ്റവട്ടൂരിൽ ആണ് ഇന്നത്തെ പര്യടനം സമാപനം കുടിക്കുക.

✪✪✪

സംസ്ഥാനം കണ്ട ഏറ്റവും വലിയ ദുർഭരണമാണ് പിണറായി വിജയന്റേതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. എല്ലാ വിഭാഗം ജനങ്ങളും ഈ ഗവൺമന്റിന് എതിരാണെന്നും അദ്ദേഹം കൽപ്പറ്റയിൽ മാധ്യമങ്ങളോട് പറഞ്ഞു. BJPഉം CPIMഉം തമ്മിൽ രഹസ്യവും പരസ്യവുമായ ബാന്ധവത്തിലാണെന്നും BJP സംസ്ഥാന പ്രസിഡന്റ് പ്രതിയായ കുഴൽപ്പണക്കേസ് ഒതുക്കി തീർത്തത് ഇതിന് ഉദാഹരണമാണെന്നും VD സതീശൻ ആരോപിച്ചു.

✪✪✪

രാഷ്ട്രീയ നാടകങ്ങൾ കളിച്ച് ഭരണവിരുദ്ധ വികാരം ചർച്ച ചെയ്യാതിരിക്കാൻ CPIM ബോധപൂർവമായ നീക്കം നടത്തുകയാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല മുക്കത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പാലക്കാട്ടെ നാടകം പൊളിഞ്ഞു പോയതിന്റെ ദുഃഖത്തിലാണ് CPIM. പാലക്കാട് പരാജയം ഉറപ്പായതോട് കൂടി മൂന്നാം സ്ഥാനത്തേക്ക് പോകുമെന്ന വെപ്രാളമാണ് ബാഗ് വിവാദവും രാത്രിയിലെ റെയ്ഡും ഉൾപ്പെടെ നാടകം നടത്താൻ അവർ തയാറായതെന്നും ചെന്നിത്തല അഭിപ്രായപ്പെട്ടു.

✪✪✪

വഖഫ് ഭേദഗതി ബില്ലിനെതിരെ സംയുക്ത പ്രമേയം പാസാക്കിയവരാണ് LDFഉം UDFഉം എന്ന് BJP കേരള പ്രഭാരി പ്രകാശ് ജാവദേക്കർ മാധ്യമങ്ങളോട് പറഞ്ഞു. താമരശ്ശേരി രൂപത ബിഷപ്പ് മാർ റമിജീയോസ് ഇഞ്ചനാനിയലുമായി കൂടിക്കാഴ്ച നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൂടിക്കാഴ്ച്ച സൗഹാർദ്ദപരമായിരുന്നെന്നും രാഷ്ട്രീയം ചർച്ചയായില്ലെന്നും പൊതു വിഷയങ്ങളാണ് ചർച്ചയായതെന്നും ജാവദേക്കർ പറഞ്ഞു.

✪✪✪

കണ്ണൂർ ADM ആയിരുന്ന K. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ കണ്ണൂർ ജില്ലാ മുൻ പഞ്ചായത്ത് പ്രസിഡന്റ് P.P ദിവ്യയ്ക്ക് കോടതി ജാമ്യം അനുവദിച്ചു. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യം നൽകിയത്. കണ്ണൂർ വനിതാ ജയിലിൽ 11 ദിവസമായി റിമാന്റിൽ കഴിയുകയായിരുന്നു ദിവ്യ.

വിധി പകർപ്പ് ലഭിച്ചതിനുശേഷം കുടുംബവുമായി ആലോചിച്ച് തുടർ നടപടി സ്വീകരിക്കുമെന്ന് നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷക്ക് വേണ്ടി ഹാജരായ അഭിഭാഷക അറിയിച്ചു.

കോടതിയിൽ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കപ്പെട്ടു എന്നതിന് സന്തോഷമുണ്ടെന്ന് ദിവ്യയുടെ അഭിഭാഷകൻ പ്രതികരിച്ചു.

മൂന്ന് കർശന ഉപാധികളോടെയാണ് ജാമ്യമെന്ന് പ്രോസിക്യൂട്ടർ മാധ്യമങ്ങളോട് പറഞ്ഞു. എല്ലാ തിങ്കളാഴ്ചയും അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകണം, സാക്ഷികളെ സ്വാധീനിക്കരുത്, കണ്ണൂർ ജില്ല വിട്ട് പോകരുത് എന്നിവയാണ് ഉപാധികളെന്നും പ്രോസിക്യൂട്ടർ അറിയിച്ചു.

✪✪✪

PP ദിവ്യക്ക് ജാമ്യം ലഭിച്ചതിൽ സന്തോഷമുണ്ടെന്ന് CPIM കേന്ദ്രകമ്മിറ്റി അംഗം PK ശ്രീമതി പറഞ്ഞു. മനപൂർവം അല്ലാത്ത നിർഭാഗ്യകരമായ പെരുമാറ്റമാണ് ദിവ്യയിൽ നിന്നുണ്ടായതെന്നും എന്നാൽ ദിവ്യക്ക് നീതി നിഷേധിക്കാൻ പാടില്ലെന്നും അവർ മാധ്യമങ്ങളോട് വ്യക്തമാക്കി. ദിവ്യയുടെ ഭാഗത്തുനിന്നും പാകപ്പിഴയുണ്ടായി എന്ന മുൻ നിലപാടിൽ ഉറച്ചു നിൽക്കുന്നതായും PK ശ്രീമതി അറിയിച്ചു.

✪✪✪

അലിഗഢ് മുസ്ലിം സർവകലാശാലക്ക് ന്യൂനപക്ഷ പദവി തുടരാമെന്ന് സുപ്രീം കോടതി ഏഴംഗ ബഞ്ച് വിധിച്ചു. ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഢ് നേതൃത്വം നൽകിയ ബഞ്ചിന്റേതാണ് വിധി. ഇന്ന് വിരമിക്കുന്ന ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഢിന്റെ അവസാന വിധി പ്രഖ്യാപനം കൂടിയാണിത്. ഏഴംഗ ബഞ്ചിൽ നാല് പേർ ന്യൂനപക്ഷ പദവിയെ അനുകൂലിച്ചപ്പോൾ മൂന്ന് അംഗങ്ങൾ അതിനെ എതിർത്തു. ഭൂരിപക്ഷ തീരുമാന പ്രകാരമാണ് കോടതി വിധി.

✪✪✪

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 211 കോടി രൂപകൂടി ഗവൺമെന്റ് സഹായം അനുവദിച്ചതായി മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. ജനറൽ പർപ്പസ് ഫണ്ട് തുകയാണ് അനുവദിച്ചത്.

ഗ്രാമ പഞ്ചായത്തുകൾക്ക് 150 കോടി രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് ഏഴു കോടിയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 കോടി രൂപയും ലഭിക്കും. മുൻസിപ്പാലിറ്റികൾക്ക് 26 കോടി രൂപയും, കോർപറേഷനുകൾക്ക് 18 കോടിയും വകയിരുത്തി. ഈ സാമ്പത്തിക വർഷം ഇതുവരെ 6,250 കോടി രുപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് കൈമാറിയത്.

✪✪✪

മത്സ്യമേഖലയിൽ ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച ശില്പശാല കൊച്ചി central marine research institute ൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. സിഫ്നെറ്റിലെ ചടങ്ങിൽ മത്സ്യബന്ധന ബോട്ടുകളുടെ രജിസ്ട്രേഷൻ, സർട്ടിഫിക്കേഷൻ, സർവ്വേ സംബന്ധിച്ച ഏകദിന ശില്പശാലയും ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കൊച്ചിയിൽ സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം മുന്നേറ്റം തുടരുന്നു. ഗെയിംസ് വിഭാഗത്തിൽ 429 ഇനങ്ങൾ പിന്നിട്ടപ്പോൾ തിരുവനന്തപുരം 1,038 പോയിന്റോടെ 123 സ്വർണവും 78 വെള്ളിയും 92

വെങ്കലവുമായി ഏറെ മുന്നിലാണ്. കണ്ണൂർ 56 സ്വർണവും 53 വെള്ളിയും 59 വെങ്കലവും നേടി 566 പോയിന്റോടെ രണ്ടാം സ്ഥാനത്തുണ്ട്. 559 പോയിന്റുമായി മൂന്നാം സ്ഥാനത്തു നിൽക്കുന്ന തൃശ്ശൂരിന് 57 സ്വർണ്ണവും 42 വെള്ളിയും 64 വെങ്കലവും ലഭിച്ചു.

അത്‌ലറ്റിക്സ് ഇനങ്ങളിൽ 18 മത്സരങ്ങൾ പൂർത്തിയായപ്പോൾ 6 സ്വർണവും 3 വെള്ളിയും നാല് വെങ്കലവും നേടി 43 പോയിന്റോടെ മലപ്പുറം ഒന്നാം സ്ഥാനത്താണ്. നാല് സ്വർണ്ണവും ഒരു വെള്ളിയും 7 വെങ്കലവുമായി 30 പോയിന്റുമായി പാലക്കാടാണ് തൊട്ടടുത്ത്. 22 പോയിന്റു ലഭിച്ച എറണാകുളത്തിനാണ് മൂന്നാം സ്ഥാനം.

89 മത്സരങ്ങൾ പൂർത്തിയാക്കിയ അക്വാറ്റിക്സിൽ 64 സ്വർണ്ണവും 48 വെള്ളിയും 48 വെങ്കലവുമായി 568 പോയിന്റോടെ തിരുവനന്തപുരമാണ് മുന്നിൽ. രണ്ടാം സ്ഥാനത്തെത്തിയ ആതിഥേയരായ എറണാകുളം ജില്ലയ്ക്ക് 149 പോയിന്റുണ്ട്.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ആദ്യ ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് ദക്ഷിണാഫ്രിക്കയിലെ ദർബനിൽ. ഇന്ത്യൻ സമയം വൈകിട്ട് എട്ടരയ്ക്കാണ് മത്സരം.

ICC ട്വന്റി-20 ലോകകപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്കയെ തോൽപ്പിച്ചതിന്റെ ആത്മവിശ്വാസവുമായാണ് ക്യാപ്റ്റൻ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിൽ ടീം ഇന്ത്യ കളിക്കാനിറങ്ങുന്നത്. ICC ട്വന്റി-20 റാങ്കിങ്ങിൽ നിലവിൽ ഇന്ത്യയാണ് ഒന്നാം സ്ഥാനത്ത്. ദക്ഷിണാഫ്രിക്ക ആറാം സ്ഥാനത്താണ്.

നാലു മത്സര പരമ്പരയിലെ രണ്ടാം മത്സരം ഞായറാഴ്ചയാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ബംഗലൂരു FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകീട്ട് 7.30 ന് ബംഗലൂരുവിലാണ് മത്സരം.

ഇന്നലെ കൊച്ചിയിൽ ഹൈദരാബാദ് FC, കേരള ബ്ലാസ്റ്റേഴ്നെ പരാജയപ്പെടുത്തി. ISL ൽ കേരള ബ്ലാസ്റ്റേഴ്സിന്റെ തുടർച്ചയായ മൂന്നാം തോൽവിയാണിത്.

✪✪✪

CBSE സംസ്ഥാന സ്കൂൾ കലോത്സവത്തിന് പാലക്കാട്, കഞ്ചിക്കോട് തുടക്കമായി. രാവിലെ മന്ത്രി K. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. മൂന്ന്

ദിവസങ്ങളിൽ 36 വേദികളിലായി നടക്കുന്ന മത്സരങ്ങളിൽ എണ്ണായിരത്തിൽ അധികം വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

ശബരിമല തീർത്ഥാടകർ ഇരുമുടികെട്ടിൽ ആവശ്യമില്ലാത്ത പൂജാ സാധനങ്ങൾ കൊണ്ടു വരരുതെന്ന് തന്ത്രി കണ്ഠര് രാജീവര് അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ.....

**.............(വോയ്സ്)...........**

ഇരുമുടികെട്ടിൽ കൊണ്ടുവരേണ്ട സാധനങ്ങൾ ഏതൊക്കെയാണെന്നും ഒഴിവാക്കേണ്ടവ ഏതൊക്കെയാണെന്നും വിശദമാക്കി തന്ത്രി കണ്ഠരര് രാജീവരര് തിരുവിതാംകൂർ ദേവസ്വം ബോർഡിനു കത്തയച്ചു. ശബരിമലയിൽ തീർഥാടകർ കൊണ്ടുവരുന്ന ഇരുമുടികെട്ടിൽ ധാരാളം പ്ലാസ്റ്റിക്ക് കടന്നുവരുന്നുണ്ട്. ഇത് ശബരിമലയിൽ വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. ചന്ദനത്തിരി, കർപ്പൂരം, പനിനീർ തുടങ്ങിയവ മുൻകെട്ടിൽ ഒഴിവാക്കണമെന്നും തന്ത്രിയുടെ കത്തിലുണ്ട്. പിൻകെട്ടിൽ വളരെ കുറച്ച് അരി മാത്രം കരുതിയാൽ മതിയെന്നും മുൻകെട്ടിൽ ഉണക്കലരി, നെയ്യ് തേങ്ങ, ശർക്കര, കദളിപ്പഴം, വെറ്റില, അടയ്ക്ക, കാണിപൊന്ന് ഇവ മാത്രം കരുതിയാൽ മതിയെന്നും തന്ത്രി വിശദീകരിച്ചു. ഇരുമുടിക്കെട്ടിലെ പൂജാദ്രവ്യങ്ങളിൽ വലിയൊരുഭാഗം, പാണ്ടിത്താവളത്തിലെ ഇൻസിനറേറ്ററിൽ മാലിന്യമായി കത്തിച്ചു കളയുന്ന സാഹചര്യം ഒഴിവാക്കാനായാണ് ഈ നിർദേശം.

✪✪✪

ശബരിമലയിൽ 70,000 പേർക്ക് വെർച്വൽ ബുക്കിങ് വഴിയും 10,000 പേർക്ക് തത്സമയ ബുക്കിങ്ങിലൂടെയും ദർശനം അനുവദിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് P.S പ്രശാന്ത് പറഞ്ഞു. തീർഥാടകർ ആധാർ കാർഡിന്റെ പകർപ്പ് നിർബന്ധമായും കൈയ്യിൽ കരുതണമെന്ന് പത്തനംതിട്ട പ്രസ് ക്ലബിൽ നടത്തിയ ശബരിമല സുഖദർശനം സംവാദ പരിപാടിയിൽ പ്രസിഡന്റ് പറഞ്ഞു.

✪✪✪

സ്വർണ്ണ വില ഇന്ന്, വീണ്ടും വർധിച്ചു. പവന് 680 രൂപ ഉയർന്ന് 58,280 ലെത്തി. 7,285 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪